# വചനവിചിന്തനം ഡിസംബർ 6 ഞായർ, 2009

## ലൂക്കാ. 1 : 26 – 38

മംഗലവാർത്താകാലത്തിലെ രണ്ടാം ഞായറാഴ്ച യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള ലൂക്കാ സുവിശേഷകന്റെ വിവരണത്തിൽ പരി. കന്യകാമറിയത്തോട് ഗബ്രിയേൽ ദൈവദൂതൻ മംഗലവാർത്ത അറിയിക്കുന്ന ഭാഗമാണ് നാം കേട്ടത്. സത്യമനുഷ്യനും സത്യദൈവവുമായവന്റെ പ്രകൃത്യാതീത (Super Natural) ജനനത്തെക്കുറിച്ചുള്ള വിവരണം മനുഷ്യബുദ്ധിക്ക് എളുപ്പത്തിൽ സുഗ്രാഹ്യമല്ലെങ്കിലും അതിന്റെ അനന്യതയും അനിവാര്യതയും വി. ലൂക്കായുടെ വിവരണത്തിലൂടെ നമുക്ക് മനസ്സിലാക്കാം.

ദൈവ – മനുഷ്യന്റെ ജനനം പഴയനിയമത്തിലെ പല അതിസ്വാഭാവിക ജനനങ്ങളുടെ ഒരു പൂർത്തീകരണവും ഒരു അനിവാര്യതയുമാണ്. മനുഷ്യന്റെ ഇച്ഛയിൽനിന്ന് ആകാതിരുന്നതും പ്രകൃതി നിയമങ്ങൾക്ക് വിധേയമല്ലാതായതും ഒരു അനിവാര്യതയാണ്. ആദിമാതാപിതാക്കന്മാരുടെ പാപം മൂലം മലിനമാക്കപ്പെട്ട മനുഷ്യകുലത്തിന്റെ ഇച്ഛയ്ക്കനുസരിച്ചുള്ള ഒരു ജനനമായിരുന്നെങ്കിൽ അവനിലും പാപത്തിന്റെ അംശം കാണപ്പെടുമായിരുന്നു. അവനും ആദിമാതാപിതാക്കന്മാരുടെ പിന്മുറക്കാരനും കായേന്റെ സഹോദരനുമായിരുന്നു. അങ്ങനെയുള്ള ഒരുവന് മനുഷ്യകുലത്തെ പാപത്തിന്റെ അടിമത്തത്തിൽനിന്ന് രക്ഷിക്കാനാകുമായിരുന്നില്ല. പാപത്തിന്റെ ഭാഗമായിരിക്കുന്നവന് പാപത്തിൽനിന്ന് രക്ഷിക്കുവാനാകില്ല. മനുഷ്യന്റെ സ്വാഭാവികതയും പ്രകൃതിയും പാപത്തിന്റെ കറപേറുന്നവയാണ്. യേശുവിന്റെ ജനനം പ്രകൃതിയുടെ നിയമങ്ങൾക്കനുസരിച്ചുള്ളതായിരുന്നെങ്കിൽ അവനിലെ ദൈവത്വം അസാദ്ധ്യമാകുമായിരുന്നു. അതുകൊണ്ടുതന്നെ അവന്റെ അതിസ്വാഭാവികജനനം അനിവാര്യമായിരുന്നു. അതിസ്വാഭാവികവും പ്രകൃതിയുടെ നിയമങ്ങൾക്ക് അതീതവുമായ ജനനത്തിലൂടെ പരിശുദ്ധാത്മാവിന്റെ ഇടപെടലിലൂടെ ജനിക്കപ്പെട്ടവൻ പാപപങ്കിലമായ ലോകത്തിൽനിന്ന് ഉടലെടുക്കപ്പെട്ടില്ല. അവൻ നൈർമ്മല്യത്തിന്റെ നിറകുടവും ഉത്ഭവത്തിലേ പാപരഹിതമായ മറിയത്തിന്റെ ഉദരത്തിൽ ദൈവിക ഇടപെടൽ വഴി ഉരുവാക്കപ്പെട്ടപ്പോൾ ആദിമനുഷ്യന് രൂപംകൊടുത്ത ദൈവത്തിന്റെ അത്ഭുതപ്രവർത്തനം ഒരിക്കൽകൂടി ആവർത്തിക്കപ്പെടുകയായിരുന്നു. ഇല്ലായ്മയിൽനിന്ന് സകലത്തേയും സൃഷ്ടിക്കുകയും തന്റെ തന്നെ കരവേലയിൽ ആദത്തെ സൃഷ്ടിക്കുകയും ചെയ്ത ദൈവത്തിന് പ്രകൃത്യാതീതമായ രീതിയിൽ തന്റെ പുത്രന് ഈ ലോകത്തിൽ ജനിക്കുവാൻ സാഹചര്യമൊരുക്കുന്നതിനും അതുവഴി അവൻ രണ്ടാം ആദമായിത്തീരുന്നതിനും കഴിയുമായിരുന്നു അതുകൊണ്ടും കൂടിയാണ് വി. പൗലോസ് ശ്ലീഹാ യേശുവിനെ രണ്ടാം ആദമായി ചിത്രീകരിച്ചിരിക്കുന്നത്.

കൂടാതെ യേശുവിന്റെ അതിസ്വാഭാവിക ജനനം ദൈവകൃപയുടെ ചരിത്രത്തിലെ മാംസം ധരിക്കലായിരുന്നു. ദൈവകൃപനിറഞ്ഞവളിൽ തന്നെ അത്യുന്നതന്റെ ശക്തി ആവസിച്ചപ്പോൾ കൃപയ്ക്ക് മേലുള്ള കൃപയുടെ പ്രവർത്തനമായി. ദൈവകൃപ നിറഞ്ഞവളിൽ വചനമായവൻ മാംസം ധരിച്ചപ്പോൾ ആ ദൈവകൃപയ്ക്ക് ചരിത്രരൂപം ലഭിക്കുകയാണ്. ചരിത്രത്തിൽ ഒരിക്കൽ ഒരിടത്ത് മാത്രം നടന്ന മിശിഹാസംഭവം മറിയത്തിലൂടെ തുടക്കം കുറിച്ചപ്പോൾ മനുഷ്യചരിത്രം മുഴുവൻ അവളിലൂടെ അതിൽ പങ്കാളിയാവുകയായിരുന്നു.

അവളുടെ ആത്മ സമർപ്പണം ആദിമാതാവായ ഹവ്വയുടെ അനുസരണക്കേടിന്റെ മറുപടി ആവുകയായിരുന്നു. ഈയർത്ഥത്തിൽ മംഗലവാർത്തയിൽ നടന്നത് ചരിത്രത്തെ വിശുദ്ധീകരിക്കുന്ന പ്രകിയയ്ക്ക് തുടക്കം കുറിക്കുകയായിരുന്നു. മനുഷ്യചരിത്രത്തിന്മേലുള്ള പാപക്കറയുടെ കഴുകിക്കളയലിന്റെ തുടക്കമായിരുന്നു.

അതുകൊണ്ടുതന്നെ മറിയത്തോടൊപ്പം നില്ക്കുന്ന മനുഷ്യകുലത്തിനേ ഈ ശുദ്ധീകരണപ്രക്രിയയുടെ ഫലം അനുഭവിക്കാൻ കഴിയൂ . തന്റെ തിരുക്കുമാരന്റെ രക്ഷാകരസംഭവങ്ങളിൽ കൂട്ടാളിയായി നില്ക്കുന്നവളിലൂടെയാണ് രക്ഷയുടെ ഫലം മനുഷ്യകുലത്തിന് അനുഭവവേദ്യമാകുന്നത്. അതുകൊണ്ട് അമ്മയുടെ സ്വഭാവത്തിന്റെ പ്രത്യേകതകളെ മാതൃകയാക്കി ദൈവത്തിന്റെ ശുദ്ധീകരണ പദ്ധതിയുടെ ഭാഗമായി നമുക്കും മാറാം പാപമില്ലാത്ത മറിയത്തെപ്പോലെ കളങ്കരഹിതരായി ജീവിച്ചുകൊണ്ട് ക്രിസ്തുമസിലൂടെ ലഭിക്കുന്ന രക്ഷാകര ഫലങ്ങൾ സ്വീകരിക്കാൻ നമുക്ക് ഒരുങ്ങാം.

ആമ്മേൻ.

**ഫാ.ജോർജ്ജ് കുഴിപ്പിള്ളിൽ.**